## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 4785 1/7/2013 ൽ മറുപടിയ്ക്ക്

# ഇടുക്കി പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | | **ശ്രീ. ഉമ്മൻചാണ്ടി**<br>**ബഹു. മുഖ്യമന്ത്രി** | |
| (എ) | ഇടുക്കി പാക്കേജ് നിലവിൽ വന്നത് എന്നാണ് എന്നും പാക്കേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | (എ) | 2008 നവംബർ 20 നാണ് ഇടുക്കി പാക്കേജിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചത്. പാക്കേജുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഘട്ടങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പാക്കേജുമായി ബന്ധപ്പെട്ട് ഏതെല്ലാം വകുപ്പുകൾ എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ഇടുക്കി പാക്കേജിന്റെ കാലാവധി എന്നുവരെയാണ് എന്നും കാലാവധി ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അറിയിക്കുമോ? | (സി) | ഇടുക്കി പാക്കേജ് നടപ്പിലാക്കുന്നതിനുള്ള സമയപരിധി 5 വർഷമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. 2008 നവംബറിലാണ് പാക്കേജിന് അംഗീകാരം ലഭിച്ചത്. 2013 നവംബറിൽ കാലാവധി കഴിയുന്നതുമാണ്. എന്നാൽ അംഗീകാരം ലഭിച്ച പദ്ധതികൾ തുടർപദ്ധതികളിൽ ഉൾക്കൊള്ളിച്ച് ടി കാലാവധിക്ക് ശേഷവും നടപ്പിലാക്കാവുന്നതാണ് |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം - 1**

## ഇടുക്കി പാക്കേജ് മുഖേന നടപ്പിലാക്കുന്ന പ്രവർത്തികളുടെ ഘട്ടങ്ങളെ സംബന്ധിക്കുന്ന റിപ്പോർട്ട്

### കൃഷി വകുപ്പ്

കട്ടപ്പന, കുമിളി, അടിമാലി എന്നീ സ്ഥലങ്ങളിൽ 3 സ്ഥിരമായതും, കട്ടപ്പനയിൽ ഒരു സഞ്ചരിക്കുന്നതുമായ മണ്ണ് പരിശോധനാശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

പാക്കേജിൻ കീഴിൽ നാളികേരവികസന ബോർഡിന് 9.144 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ലഭിച്ച 1.475 കോടി രൂപയിൽ 0.8874 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സമുദ്രനിരപ്പിൽ നിന്നും 500 മീറ്റർ വരെ ഉയരമുള്ള പ്രദേശത്ത് മാത്രമേ നാളികേര വികസന പദ്ധതിയുമായി ബന്ധപ്പെട്ട തുക ചെലവഴിക്കാൻ പാടുള്ളു എന്ന നിബന്ധന നിലനിൽക്കുന്നതിനാൽ ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് മേഖല ഏകദേശം പൂർണ്ണമായി തന്നെ ഒഴിവാക്കപ്പെടുന്ന സ്ഥിതി നിലനിൽക്കുന്നു. ഈ നിബന്ധന മാറ്റാൻ നാളികേര വികസന ബോർഡിൽ നിന്നും സമ്മതം ലഭിച്ചിട്ടില്ല.

മറയൂർ, കാന്തല്ലൂർ എന്നീ പഞ്ചായത്തുകളിൽ കരിമ്പിന്റെ പുതുകൃഷിയും റാറ്റൂൺ കൃഷിയും നടപ്പിലാക്കി. കരിമ്പ് ഉല്പാദന സംഘങ്ങൾ ആരംഭിച്ചു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ കീഴിൽ വട്ടവട, കാന്തല്ലൂർ വില്ലേജുകളിൽ 8.35 കോടി രൂപയുടെ ശീതകാല പച്ചക്കറികൃഷി നടപ്പിലാക്കി. 1.688 കോടി രൂപയുടെ പഴവർഗ്ഗ കൃഷി തൈകൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിക്കുന്നു. 3 ഗ്രാമീണ വിപണന കേന്ദ്രങ്ങൾ, രാജകുമാരി, ശാന്തിഗ്രാം, ഉടുമ്പൻചോല എന്നീ പ്രദേശങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

### മൃഗസംരക്ഷണം

സമഗ്രകന്നുകാലി വികസന പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 91.15 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും ആയതിൽ 45.74 കോടി രൂപ റിലീസ് ചെയ്യുകയുമുണ്ടായി. ടി പദ്ധതികൾക്കായി നാളിതു വരെ 14.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കന്നുകാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകൽ, കൃത്രിമ ബീജസങ്കലനം, മതിചക്ര ഏകീകരണം, കാലിത്തീറ്റ വികസന പദ്ധതി എന്നിവ പൂർത്തീകരിച്ചു. Mastitis control പദ്ധതിയും പൂർത്തീകരിച്ചു വരുന്നു. ആട് വിതരണ പദ്ധതി, പശുക്കുട്ടി വിതരണ പദ്ധതി എന്നിവ പുരോഗമിക്കുന്നു. കട്ടപ്പനയിലെ ചില്ലിംഗ് പ്ലാന്റ് പദ്ധതി പുരോഗമിക്കുന്നു.

**<u>മൈനർ ഇറിഗേഷൻ</u>**

46 ചെക്ക് ഡാമുകൾ നിർമ്മിക്കുന്ന പദ്ധതിയിൽ 26 എണ്ണം പൂർത്തിയാക്കി. വട്ടവടയിൽ 7 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനായി 17.65 കോടി രൂപയുടെ പദ്ധതി 18/8/2012 ൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇവയിൽ 5 ചെക്ക് ഡാമുകൾ വനപ്രദേശത്തായതിനാൽ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയെ ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ബാക്കി 2 ചെക്ക് ഡാമുകളുടെ എസ്റ്റിമേറ്റ് മൈനർ ഇറിഗേഷൻ /കെ.എൽ.ഡി.സി തയ്യാറാക്കുന്നതിനും 20/6/2013 ന് മുമ്പ് സർക്കാരിന് സമർപ്പിക്കണമെന്നും 13/6/2013 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചു.

**<u>മത്സ്യബന്ധനം</u>**

1.4 കോടി രൂപയുടെ സമർപ്പിച്ച പദ്ധതികളിൽ 46.7 ലക്ഷം രൂപ ലഭിക്കുകയും 40.41 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഇടുക്കി, തേക്കടി, ആനയിറങ്കൽ, കുണ്ടള, മാട്ടുപ്പെട്ടി, ചെങ്കുളം, പൊൻമുടി എന്നീ ഡാമുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി പൂർത്തിയായി. ലോവർ പെരിയാറിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത് പുരോഗമിച്ചു വരുന്നു.

**<u>സ്പൈസസ് ബോർഡ്</u>**

ഏലം, കുരുമുളക് പുനരുദ്ധാരണത്തിനായി അംഗീകരിക്കപ്പെട്ട 171.07 കോടി രൂപയിൽ 74.653 കോടി ലഭിക്കുകയും, ഇതിൽ ഏലം കൃഷിക്ക് 33.05 കോടി രൂപ ചെലവഴിക്കുകയും കുരുമുളക് കൃഷിക്ക് 22.38 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2013-14 കാലയളവിൽ 8 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും 10 കോടി രൂപയുടെ ആവശ്യമുണ്ടെന്ന് സ്പൈസസ് ബോർഡ് അറിയിക്കുകയും അധികമായി വരുന്ന 2 കോടി രൂപ കൃഷി വകുപ്പുമായി ചർച്ച ചെയ്ത് നൽകാമെന്നും തീരുമാനിച്ചു.

**<u>കോഫി ബോർഡ്</u>**

കാപ്പി കൃഷി വ്യാപനത്തിനായുള്ള 5.65 കോടി രൂപയുടെ പദ്ധതികളിൽ 50 ലക്ഷം രൂപ ചെലവഴിച്ചു.

**<u>തേയില ബോർഡ്</u>**

ടീ ബോർഡിന്റെ നടപ്പുപദ്ധതികളിൽ ലഭ്യമായ 6.7 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചു. വാഗമൺ, കട്ടപ്പന, പീരുമേട് എന്നീ സ്ഥലങ്ങളിൽ ചെറുകിട തേയില ഫാക്ടറികൾ സ്ഥാപിക്കുന്നതിനുള്ള 22.6 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രമന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**<u>മണ്ണ് സംരക്ഷണം</u>**

126 വാട്ടർഷെഡ് നിർമ്മാണത്തിനുള്ള 188 കോടി രൂപയുടെ പദ്ധതികൾ അംഗീകരിക്കുകയും ഇതിൽ ഒന്നാം ഘട്ടമായി ഇടുക്കി, അഴുത ബ്ലോക്കുകളിലെ 26 എണ്ണത്തിന് 40.41 കോടി രൂപ 2011-12 വർഷം വകയിരുത്തി. ഇടുക്കി ജില്ലയിലെ സംയോജിത നീർത്തട പരിപാലന പദ്ധതി നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളുടെ മേൽനോട്ടത്തിലായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇവർ തമ്മിലുള്ള ധാരണാപത്രം ഒപ്പിടുന്നതിൽ അഭിപ്രായ വ്യത്യാസം ഉള്ളതിനാൽ പദ്ധതിയിൽ തടസ്സം നേരിടുന്നു. പ്രശ്നം പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**<u>ഗ്രാമീണ വികസനം</u>**

പി.എം.ജി.എസ്.വൈ സ്കീമിൽ 46.20 കോടി രൂപയുടെ 24 റോഡുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇവയിൽ 3 റോഡുകൾക്ക് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് സ്കീമിൽ 49.99 കോടി രൂപ മതിപ്പ് ചെലവിൽ 24 റോഡുകൾക്ക് നബാർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ സംസ്ഥാന വിഹിതമായ 9.99 കോടി രൂപ ജില്ലാപഞ്ചായത്ത് വഹിക്കാൻ തീരുമാനിച്ചു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 2

## ഇടുക്കി പാക്കേജ്

| നം. | വകുപ്പ് | പദ്ധതി തയ്യാറാക്കിയ തുക | അംഗീകാരം ലഭിച്ച തുക | റിലീസ് ചെയ്ത തുക | വിനിയോഗിച്ച തുക |
|---|---|---|---|---|---|
| | | കോടിയിൽ | | | |
| 1 | കൃഷി | 17.343 | 11.144 | 3.375 | 2.7874 |
| 2 | എസ്.എച്ച്.എം | 17.7 | 17.7 | 17.342 | 8.350 |
| 3 | ചെറുകിട ജലസേചനം | 26.00 | 11.6 | 11.6 | 7.09 |
| 4 | മൃഗസംരക്ഷണം | 47.048 | 46.447 | 45.747 | 14.5689 |
| 5 | മത്സ്യം | 1.4 | 1.4 | 0.467 | 0.4041 |
| 6 | സ്പൈസസ് ബോർഡ് | 171.07 | 169.81 | 74.653 | 55.535 |
| 7 | തേയില ബോർഡ് | 30.00 | 6.7 | 6.7 | 6.7 |
| 8 | കോഫി ബോർഡ് | 5.65 | 0.66 | 0.66 | 0.5 |
| 9 | മണ്ണ് സംരക്ഷണം | 80.00 | | | |
| | **ആകെ** | 396.211 | 265.461 | 160.544 | 95.935 |

സെക്ഷൻ ഓഫീസർ